മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു സുപ്രധാനമായ അറിയിപ്പ് നൽകാൻ ഉദ്ദേശിക്കുകയാണ്. പോരാട്ട വീറിന്റെ മാതൃസ്പർശം, മലയാളക്കരയിൽ മാറ്റത്തിന്റെ പാതയൊരുക്കാൻ കനൽവഴികൾ താണ്ടിയ ധീരവനിത കേരളത്തിന്റെ ഗൗരിയമ്മയ്ക്ക് 100 വയസ്സ് തികയുന്നു. കാലംകാത്തുവച്ച മുൻവിധികളെ കുടഞ്ഞെറിഞ്ഞ്, ചരിത്രത്തിലിടപെട്ട് മുന്നേനടന്ന ശ്രീമതി ഗൗരിയമ്മ പ്രഥമ നിയമസഭയിലെ ഇന്ന് ജീവിച്ചിരിക്കുന്ന ഏക അംഗമാണ്. വിപ്ലവത്തിന്റെ അഗ്നിമുഖത്ത് തളിർത്ത പൂമരമെന്ന് വിശേഷിപ്പിക്കപ്പെട്ട ഗൗരിയമ്മയ്ക്ക് സഭയുടെ വന്ദനം. നൂറാം പിറന്നാളിന് നിയമസഭയുടെ ആശംസകൾ, സ്നേഹാഭിവാദനങ്ങൾ നേരുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങയുടെ വാക്കുകളോട് പൂർണ്ണമായും യോജിക്കുന്നു. കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും ഇപ്പോൾ കടക്കുന്നില്ല. നാളെ നമ്മളെല്ലാവരും ആ ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുന്നുണ്ടല്ലോ. ഒരു സൗകര്യം ഏർപ്പെടുത്തുന്നത് നല്ലതായിരിക്കുമെന്ന് തോന്നുന്നു. നാളെ ഈ സഭയിലെ കുറേയേറെ ആളുകൾ ആ ചടങ്ങിൽ പങ്കെടുക്കുന്നവരാണ്. അതുകൊണ്ട് നാളെ നിയമസഭാ സമ്മേളനം വേണ്ടെന്നുവയ്ക്കുന്നതല്ലേ നല്ലതെന്നൊരു നിർദ്ദേശമുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീമതി ഗൗരിയമ്മയ്ക്ക് 100 വയസ്സ് തികയുന്നുവെന്നത് ഏറ്റവും സന്തോഷകരമായ ഒരു കാര്യമാണ്. കേരളത്തിലെ ഏത് രാഷ്ട്രീയ പ്രവർത്തകനും അഭിമാനിക്കാൻ കഴിയുന്ന നേട്ടങ്ങളാണ് തന്റെ ജീവിതത്തിലൂടെ കേരള ജനതയ്ക്ക് ഗൗരിയമ്മ കാട്ടിക്കൊടുത്തത്. ഞാൻ ജനിക്കുന്നതിനുമുമ്പേ കേരളത്തിൽ മന്ത്രിയായിരുന്ന ശ്രീമതി ഗൗരിയമ്മയുടെ ജീവിതവും ഭാവിയിൽ കേരളത്തിൽ വരാൻ പോകുന്ന തലമുറകൾക്ക് ഒരു പാഠമായി നിൽക്കും. അത് ആവേശം നൽകുന്നതായിരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ നമ്മൾ എല്ലാവരും ആ ചടങ്ങിൽ പങ്കെടുക്കുന്നതുകൊണ്ട് കൂടുതൽ കാര്യങ്ങൾ അവിടെ സൂചിപ്പിക്കാം. സഭാനേതാവ് എന്ന നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളത്തെ സഭാസമ്മേളനം മാറ്റാമെന്ന് പറഞ്ഞു, ശ്രീമതി ഗൗരിയമ്മയോടുള്ള ഒരു ആദരമായിത്തന്നെ അത് മാറ്റിവയ്ക്കാം എന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് സഭയുടെ അനുമതിയോടെ നാളെ (21.06.2019)-ലെ സഭാസമ്മേളനം ഒഴിവാക്കുകയാണ്. നാളെ സഭ പരിഗണിക്കാനിരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ജൂലൈ 5-ാം തീയതി

വെള്ളിയാഴ്ച സഭ പരിഗണിക്കുന്നതായിരിക്കും. നാളെ ഷെഡ്യൂൾ ചെയ്തിരുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം അംഗങ്ങൾക്ക് ലഭ്യമാക്കുന്നതുമായിരിക്കും.

നൂറാംപിറന്നാൾ ആഘോഷത്തിൽ പങ്കെടുക്കാൻ താത്പര്യപ്പെടുന്ന എം.എൽ.എ.-മാർക്ക് വാഹനസൗകര്യം ആവശ്യമാണെങ്കിൽ ഉറപ്പാക്കുന്നതുമായിരിക്കും എന്നുകൂടി അറിയിക്കുകയാണ്.